# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5054 22.05.2017 -ൽ മറുപടിയ്ക്ക്

## ഇ-ഗ്രാന്റ് ആനുകൂല്യം

*ചോദ്യം*
ശ്രീ. മഞ്ഞളാംകുഴി അലി :

*ഉത്തരം*
പ്രൊഫ. സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഇ-ഗ്രാന്റ് ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികളിൽ നിന്നും സർവ്വകലാശാലകൾ ഫീസ് ഈടാക്കുന്നത് ഏത് രീതിയിലാണ്; | (എ) | ഇ-ഗ്രാന്റ് ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികളുടെ ഫീസ് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അക്കൗണ്ടിലേയ്ക്ക് നൽകുകയും ടി സ്ഥാപനം യൂണിവേഴ്സിറ്റിയുടെ ഫണ്ടിലേക്ക് അടയ്ക്കുകയുമാണ് ചെയ്യുന്നത്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത ആനുകൂല്യവിതരണം അർഹരായ എല്ലാ വിദ്യാർത്ഥികൾക്കും യഥാസമയം നൽകിയിട്ടുണ്ടോ ; | (ബി) | ടി ഇനത്തിൽ കഴിഞ്ഞ അഞ്ചുവർഷങ്ങളിലായി ഭീമമായ തുക കുടിശ്ശിക ഉണ്ടായിരുന്നു. കുടിശ്ശിക തീർക്കുന്നതിന് കഴിഞ്ഞ വർഷം ബഡ്ജറ്റ് വിഹിതത്തിന് പുറമെ 70 കോടി രൂപ കൂടി അനുവദിച്ചുവെങ്കിലും നിലവിൽ 231 കോടി രൂപ കുടിശ്ശികയുണ്ട്. |
| (സി) | ഇ- ഗ്രാന്റ് മുടങ്ങിയതുമൂലം ഈ ആനുകൂല്യം കൈപ്പറ്റുന്ന വിദ്യാർത്ഥികളിൽ നിന്നും പരീക്ഷാഫീസ് ഉൾപ്പടെയുള്ള ഫീസ് ഈടാക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ; | (സി) | വിദ്യാർത്ഥികളിൽ നിന്നും ഫീസ് ഈടാക്കുന്നില്ല. |
| (ഡി) | പ്രസ്തുത ആനുകൂല്യം കൈപ്പറ്റുന്ന വിദ്യാർത്ഥികളിൽ നിന്നും വിവിധ ഫീസ് ഈടാക്കാൻ കഴിയാത്തതുകൊണ്ട് മാത്രം ഇവരുടെ പരീക്ഷാഫലമുൾപ്പെടെയുള്ളവ തടഞ്ഞുവച്ചിട്ടുണ്ടോ; എങ്കിൽ ഈ | (ഡി) | പരീക്ഷാഫലം തടഞ്ഞുവെച്ചതായി പരാതികൾ ലഭിച്ചിട്ടുണ്ട്. ഇ-ഗ്രാന്റ്സിലെ കുടിശ്ശിക തുക പൂർണ്ണമായും വിതരണം ചെയ്യാത്തതാണ് ഈ സ്ഥിതി |

| | | | |
|---|---|---|---|
| | സ്ഥിതി വിശേഷത്തിനിടയാക്കിയ കാരണമെന്താണ്; | | വിശേഷത്തിനിടയാക്കിയിട്ടുള്ളത്. |
| (ഇ) | യഥാസമയം നൽകേണ്ട ആനുകൂല്യം നൽകാതെ പരീക്ഷാഫലമുൾപ്പെടെ തടഞ്ഞുവയ്ക്കുക വഴി വിദ്യാർത്ഥികൾക്ക് നേരിടേണ്ടി വന്നിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (ഇ) | സർവ്വകലാശാലകൾക്ക് നൽകുവാനുള്ള കുടിശ്ശിക തീർത്താൽ മാത്രമേ ഇക്കാര്യത്തിൽ ഒരു ശാശ്വത പരിഹാരം കാണാനാകൂ. ഇതുമൂലം കുട്ടികൾക്ക് ബുദ്ധിമുട്ട് ഉണ്ടാകാതിരിക്കാൻ യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**